കേരള സർക്കാർ

# കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/ഇ.കെ.എം.(ബി പി) 1605/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി : 14.10.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൂവപ്പടി ബ്ലോക്ക്പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂവപ്പടി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ),എറണാകുളം.
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/ഇ.കെ.എം.(ബി പി)1605/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം

ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി : 14.10.2019

**എറണാകുളം ജില്ലയിലെ കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

.

എറണാകുളം ജില്ലയിലെ കുവപ്പടി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 06.08.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ ജി.,<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.08.2019 മുതൽ 14.08.2019 വരെ,<br>05.09.2019 & 07.09.2019 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും | വിനീത് ആർ.,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>(05.09.2019 & 07.09.2019) |
| | റഷീദ് സി എം.,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>(13.08.2019 മുതൽ 14.08.2019 വരെ) |
| | ഷിബു പൗലോസ്.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീജിത്ത് സി ഡി.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| സ്ഥാനം/ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മിനി ബാബു | 01.04.2018 മുതൽ<br>31.03.2019 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീമതി പാത്തുമ്മ എം എം (ഇൻചാർജ്) ജോയിന്റ് ബി ഡി ഒ | 01.04.2018മുതൽ 29.07.2018വരെ | |
| സെക്രട്ടറി | തോമസ് കെ എ | | 30.07.2018മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി റ്റി എൻ മിനി | | 01.04.2018 മുതൽ 22.08.2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ ബിനോയ് എം പി | | 23.08.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ എൻ ബാലകൃഷ്ണൻ | | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി ബബിത എം | | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി ബിന്ദുജ കെ എസ് | | 01.04.2018 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ രാജീവ് എസ് | | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഇൻ ചാർജ് , സി.എച്ച്.സി, വേങ്ങൂർ ) | ഡോ ഇ സൈനബ | | 01.04.2018 മുതൽ 31.03.2019 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി ബീന റ്റി ആർ | | 01.04.2018 മുതൽ 31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ ജിബിൻ ജോയ് | | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-11 |
| | ഭാഗം 2 | |
| | ഭാഗം 3 | |
| 12 | ബ്ലോക്ക്പഞ്ചായത്ത് വിഹിതം മുഴുവനും നൽകിയിട്ടും പ്രോജക്ട് പൂർത്തീകരിച്ചില്ല. | 3-1 |
| 13 | പൂലിക്കുഴി- കുറ്റിക്കുഴി തോട് നവീകരണം-പദ്ധതി രൂപീകരണത്തിലെ അപാകതകൾ | 3-2 |
| 14 | പദ്ധതി നിർവഹണത്തിലെ വിവിധ ഘട്ടങ്ങളിലെ അപാകതകൾ. | 3-3 |
| 15 | ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 3-4 |
| 16 | സംയുക്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ | 3-5 |
| 17 | കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 3-6 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 18 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 19 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരം | 4-2 |
| 20 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 21 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 22 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 23 | ഓഡിറ്റ് റിക്കവറി | 4-6 |
| 24 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 25 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 27 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 28 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 29 | ഓഡിറ്റുചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം 2 |
| 30 | ഓഡിറ്റുചെയ്ത ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 3 |
| 31 | ഓഡിറ്റുചെയ്ത റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 4 |


# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.03.2018 ലെ 1(i) നം പ്രകാരം പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 16.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 7.8.19 & 8.8.19 | കെ.എസ്.എ.-ഇ.കെ.എം.(പി.ജി.)1368(12), തീ.21.8.19 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20095903 |
| വരവ് | 82941831 |
| ആകെ | 103037734 |
| ചെലവ് | 80600655 |
| നീക്കിയിരിപ്പ് | 22437079 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

.

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | - | 40368000 | 40368000 | 40368000 | | |
| വികസനഫണ്ട് – എസ്.സി.പി. | - | 13609998 | 13609998 | 12493290 | | 1116708 |
| വികസനഫണ്ട് – ടി.എസ്.പി. | - | 480000 | 480000 | 480000 | | |
| സംരക്ഷണ ഗ്രാന്റ് – നോൺ റോഡ് | - | 4784000 | 4784000 | 4371652 | | 412348 |
| ജനറൽ പർപ്പസ് ഗ്രാന്റ് | (-)847803 | 9164549 | 8316746 | 5394832 | 2921914 | |
| സാനിട്ടേഷൻ | 1134190 | 793737 | 1927927 | 751733 | 1176194 | |
| മിസ് ലേനിയസ് (ബാങ്ക് ഓഫ് ഇൻഡ്യ) | 702528 | 116839 | 819367 | 92542 | 726825 | |
| ഐ എ വൈ ലോൺ | 10700 | - | 10700 | - | 10700 | |

| | | | | | | |
|---|---|---|---|---|---|---|
| ഐ എ വൈ | 14419704 | 9263687 | 23683391 | 9812684 | 13870707 | |
| പി എം എ വൈ | 4641803 | 2474063 | 7115866 | 4011548 | 3104318 | |
| ഐ എ വൈ (ഭരണചെലവുകൾ) | | 95624 | 95624 | 33278 | 62346 | |
| എം കെ എസ് പി | 2781 | 20014 | 22795 | 22720 | 75 | |
| ജോയിന്റ് വെഞ്ചർ | 18000 | 1138733 | 1156733 | 606733 | 550000 | |
| BPFA-I | 14000 | -- | 14000 | --- | 14000 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 126 | 67343847 | 90 | 53341290 | 28 | 8 | 71.43 |

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.08.2019 -ൽ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഈ ദിവസം യാതൊരു തുകയും വരവായിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സാംഖ്യയിൽ നിന്ന് ലഭിക്കുന്ന പേയ്മെന്റ് വൌച്ചറുകൾ ഫയലിൽ സൂക്ഷിക്കുന്നില്ല. സാംഖ്യയിൽ അഡ്ജസ്റ്റ്മെന്റുകൾക്കായി ജേർണൽ എൻട്രികൾ കൂടുതലായി നടത്തുന്നതായി കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമായിരുന്നില്ല. പ്രോജക്ടുകളുടെ കൃത്യമായ മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് നടത്തിയതായി രേഖപ്പെടുത്തലില്ല. ആസൂത്രണ സമിതി, വികസന സെമിനാർ തുടങ്ങിയവയുടെ മിനിട്സിൽ പങ്കെടുത്തവരുടെ പേരും ഒപ്പും മാത്രമാണ് ചേർത്തിരിക്കുന്നത്. പ്രസ്തുത യോഗങ്ങളിൽ നടന്ന ചർച്ചകളുടെയോ എടുത്ത തീരുമാനങ്ങളുടേയോ വിവരങ്ങൾ ചേർത്തിട്ടില്ല. സംയുക്ത പദ്ധതികളെ സംബന്ധിച്ച് ഗ്രാമ, ജില്ലാ പഞ്ചായത്തുകളുമായി വ്യക്തമായി ചർച്ച ചെയ്ത് ഫലപ്രാപ്തി ഉറപ്പാക്കിയതിന് ശേഷം മാത്രം നടപ്പിലാക്കുന്നതാണ് ഉചിതം. മാത്രമല്ല ഇത്തരം കത്തിടപാടുകൾ ഔദ്യോഗികമായി നടത്തേണ്ടതും രേഖകൾ സൂക്ഷിച്ച് വയ്ക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.2018മുതൽ 28.06.2018 വരെ | 2017-18 | 15.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.2014മുതൽ 29.01.2014 വരെ | 2009-10 മുതൽ 2012-13 വരെ | 07.06.2014 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കിന്റെ അപാകതകൾ അനുബന്ധം 1 ന്റെ ഭാഗമായി ചേർത്തിട്ടുണ്ട്.

## ഭാഗം -2

## വരവ്വ കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 നിരീക്ഷണങ്ങൾ ഇല്ല

## ഭാഗം -3

## ചെലവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അഭയാരണ്യം ശുചിത്വ പദ്ധതി - ബ്ലോക്ക്പഞ്ചായത്ത് വിഹിതം മുഴവനും നൽകിയിട്ടും പ്രോജക്ട് പൂർത്തീകരിച്ചില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0083/2019 | |
| പ്രോജക്ടിന്റെ പേര് | അഭയാരണ്യം ശുചിത്വ പദ്ധതി (ഗോബർധൻ) | |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| അടങ്കൽ തുക | 23,00,000/- | |
| ചെലവ് തുക | ബിൽ നം./ചെക്ക്നം. | തുക |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 87/2018-19, 13.12.2018 | 1479440/- |
| ശുചിത്വ മിഷൻ വിഹിതം. | 001801/27.12.2018 | 4,92,336/- |
| | ആകെ | 19,71,776/- |

മേൽ പറഞ്ഞ പ്രോജക്ടിന്റെ നിർവഹണത്തിനായി 19,71,776/-രൂപ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അഭയാരണ്യം വന വികസന ഏജൻസിക്ക് നൽകിയിട്ടുണ്ട്. അഭയാരണ്യം വനവികസന ഏജൻസി എക്സിക്യൂട്ടീവ് ഓഫീസറും ബ്ലോക്ക് പഞ്ചായത്തും തമ്മിലുണ്ടാക്കിയ എഗ്രിമെന്റ് പ്രകാരം പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തികളും 31.03.2019ന് മുൻപായി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പ്രോജക്ട് പൂർത്തീകരിച്ചതിന്റെ യാതൊരു രേഖയും ഫയലിൽനിന്നും ലഭ്യമായിട്ടില്ല. എഗ്രിമെന്റ് പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം മുഴവനും അഭയാരണ്യം വനവികസന ഏജൻസിക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള എല്ലാ നടപടികളും അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 19,71,776/-രൂപ തടസ്സപ്പെടുത്തുന്നു.

### 3-2 പൂലിക്കുഴി- കുറ്റിക്കുഴി തോട് നവീകരണം-പദ്ധതി രൂപീകരണത്തിലെ അപാകതകൾ

കൂവപ്പടി ബ്ളോക്ക് പഞ്ചായത്തിലെ പൂലിക്കുഴി- കുറ്റിക്കുഴി തോട് നവീകരണം എന്ന 132/19 നമ്പരായുള്ള പദ്ധതിയുടെ രൂപീകരണത്തിൽ ചില അപാകതകൾ പരിശോധനയിൽ കണ്ടെത്തി. ആയത് ചുവടെ ചേർക്കുന്നു.

1. പ്രസ്തുത പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് ഷെയർ 3,00,000 രൂപയും ഗ്രാമ പഞ്ചായത്ത് ഷെയർ 15,00,000 രൂപയുമാണ് കണക്കാക്കിയിരുന്നത്.ഗ്രാമ പഞ്ചായത്ത് ഷെയർ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയതായി കാണുന്നുണ്ട്.പദ്ധതി നിർവ്വഹണം നടത്തുന്നത് അശമന്നൂർ ഗ്രാമ പഞ്ചായത്ത് ആയതുകൊണ്ട് ഗ്രാമ പഞ്ചായത്തിന്റെ സംയുക്ത പ്രൊജക്ടാണിത്.ഗ്രാമ പഞ്ചായത്ത് ബ്ളോക്ക് പഞ്ചായത്തിലേക്ക് തുക നൽകാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ബജറ്റിലോ ചെലവ് സ്റ്റേറ്റ്മെന്റുകളിലോ ഗ്രാമ പഞ്ചായത്ത് ഷെയർ ചേർക്കുന്നത് അഭികാമ്യമല്ല. ബജറ്റിലും ചെലവ് സ്റ്റേറ്റ്മെന്റിലും അടങ്കൽ തുക വർദ്ധിക്കുന്നതിനും തന്മൂലം തെറ്റായ, പർവ്വതീകരിച്ച കണക്കുകൾ പൊതുജനങ്ങൾക്കടക്കം ലഭിക്കുന്നതിനും ഇടയാക്കും. ഇത്തരത്തിൽ 60,40,000 രൂപ ഗ്രാമ പഞ്ചായത്ത് വിഹിതമായി വിവിധ പദ്ധതികൾക്കായി ചെലവ് സ്റ്റേറ്റ്മെന്റിലും ബജറ്റിലും ചേർത്തിട്ടുണ്ട്.

2. അശമന്നൂർ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ 181/19 നം. പ്രൊജക്റ്റിൽ ഗ്രാമ പഞ്ചായത്ത് വിഹിതം 10,000 രൂപ മാത്രം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള 15,00,000 രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത് എന്നാണ് ബ്ളോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വിശദീകരണം. അങ്ങനെയെങ്കിൽ ആ വിവരം ചേർത്ത പുതുക്കിയ പ്രൊജക്റ്റ് റിപ്പോർട്ട് ഗ്രാമ പഞ്ചായത്ത് തയ്യാറാക്കുകയും ആയത് ബ്ളോക്ക് പഞ്ചായത്തിന് ലഭ്യമാക്കേണ്ടിയുമിരുന്നു.
3. അശമന്നൂർ ഗ്രാമ പഞ്ചായത്ത് എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്തിലാണ് മേൽ പദ്ധതിക്കായി മൂന്ന് റീച്ചിലായി 15,00,000 രൂപ വകയിരുത്തിയിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് അശമന്നൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായ രേഖകൾ ഫയലിൽ ഇല്ല. കൂടാതെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ആമുഖ കത്തും ഫയലിൽ ഇല്ല. എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയറുടെ നേരിട്ടുള്ള കത്ത് പ്രകാരം തീരുമാനമെടുക്കുന്നത് ആശാസ്യമല്ല.
4. ഗ്രാമ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും പ്രൊജക്റ്റ് റിപ്പോർട്ടിലെ ഖണ്ഡിക-iv.3 പ്രകാരം പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം അനുവദനീയമാണോ എന്ന ചോദ്യത്തിന് " അല്ല " എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.പദ്ധതിയുടെ പേര് തോട് നവീകരണം എന്നാണെങ്കിലും നിലവിലുള്ള പൊതു ആസ്തിയുടെ പുനരുദ്ധാരണ/വിപുലീകരണ/മെയിന്റനൻസ് പ്രവൃത്തി അല്ല എന്നാണ് ബ്ലോക്ക് പ്രോജക്റ്റ് റിപ്പോർട്ട് ഖ – 20.2 പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്. സമാനമായ അപാകതകൾ മറ്റ് പല ഹെഡ്ഡുകളിലും പല പ്രൊജക്റ്റ് റിപ്പോർട്ടുകളിലും കണ്ടെത്തുകയുണ്ടായി. പ്രൊജക്റ്റ് തയ്യാറാക്കുന്നതിലെ അശ്രദ്ധയാണ് ഇത് സൂചിപ്പിക്കുന്നത്. ഇത്തരം പ്രൊജക്റ്റ് റിപ്പോർട്ടുകൾക്ക് ഡി.പി.സി അംഗീകാരം എങ്ങനെ കിട്ടുന്നു എന്നതും ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിക്കേണ്ടതാണ്.
5. അശമന്നൂർ ഗ്രാമ പഞ്ചായത്ത് ഹാജരാക്കിയ ധനവിനിയോഗ സാക്ഷ്യ പത്രം അപൂർണ്ണമാണ്. അനുവദിച്ച തുകയായ 3,00,000 രൂപ ചെലവഴിച്ചു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ 3 റീച്ചിനും കൂടിയാണ് മേൽ തുക അനുവദിച്ചിരിക്കുന്നത് എന്നതിനാൽ മൂന്ന് റീച്ചും പൂർത്തീകരിച്ചിട്ടുണ്ടോ എന്നും, കൃത്യമായി ചെലവഴിച്ച തുക എത്രയാണെന്നും അറിയുന്നത് നന്നായിരിക്കും. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ ചെലവ് റേഷ്യോ പാലിച്ചിട്ടുണ്ടോ എന്നറിയേണ്ടതും ആവശ്യമാണ്. തോട് നവീകരണം പോലെയുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലയോ മേഖല ചുമതലയോ അല്ല. ഇത്തരം പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുകയാണെങ്കിൽ തന്നെ പ്രസ്തുത പദ്ധതിയുടെ അനിവാര്യത ബോദ്ധ്യപ്പെടേണ്ടതിനോടൊപ്പം ആയത് പ്രൊജക്റ്റ് റിപ്പോർട്ടിലേത് പോലെ തന്നെ നിർവഹിക്കപ്പെട്ടു എന്നും ഉറപ്പാക്കേണ്ടതുണ്ട്.

## 3-3 പദ്ധതി നിർവഹണത്തിലെ വിവിധ ഘട്ടങ്ങളിലെ അപാകതകൾ.

1. 2018-19 വർഷത്തെ പദ്ധതിയുടെ ഭാഗമായി കൂവപ്പടി ബ്ളോക്ക് പഞ്ചായത്ത് 22.02.2018, 27.02.2018, 07.03.2018 എന്നീ തീയതികളിലായി യഥാക്രമം സ്റ്റേക്ക് ഹോൾഡർമാരുടെ മീറ്റിംഗ്, ഗ്രാമസഭ യോഗം, വർക്കിംഗ് ഗ്രൂപ്പ് സംയുക്ത യോഗം, വികസന സെമിനാർ എന്നിവ നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പങ്കെടുത്തവരുടെ പേര് വിവരം മാത്രമാണ് രേഖപ്പെടുത്തിയത്. മിനിറ്റ്സ് രേഖപ്പെടുത്തിയിട്ടില്ല.
2. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെ.172(1) പ്രകാരമുള്ള നാലാം പട്ടികയിൽ ഗ്രാമ പഞ്ചായത്ത് പദ്ധതികൾ കണക്കിലെടുത്തതിന് ശേഷം വേണം ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കേണ്ടത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.കൂടാതെ അഞ്ചാം പട്ടികയിൽ ഗ്രാമ, ബ്ലോക്ക് പദ്ധതികൾ കണക്കിലെടുത്തതിന് ശേഷം വേണം ജില്ലാ പഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കേണ്ടത് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഗ്രാമ പഞ്ചായത്തുകളിൽനിന്നും പദ്ധതികൾ ലഭ്യമാക്കേണ്ടതും ജില്ലാ പഞ്ചായത്തിലേക്ക് പദ്ധതി നിർദ്ദേശങ്ങൾ നൽകേണ്ടതും ആവശ്യമായിരുന്നു. ഇത്തരത്തിൽ ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതികൾ ലഭ്യമാക്കിയതായോ ജില്ലാ പഞ്ചായത്തിന് പദ്ധതികൾ നൽകിയതായോ തെളിയിക്കുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.
3. ജേർണൽ എൻട്രികൾ കൂടുതൽ നടത്തുന്നതും സാംഖ്യയിൽ നിന്ന് ലഭിക്കുന്ന പേയ്മെന്റ് വൌച്ചറുകൾ ഫയലിൽ സൂക്ഷിക്കാത്തതും പ്രധാന അപാകതയാണ്.
4. പട്ടികജാതി വികസന ഓഫീസറുടെ പദ്ധതികളിൽ എസ്.സി പ്രൊമോട്ടറുടെ റിപ്പോർട്ട് ആവശ്യമായ അവസരങ്ങളിൽ രേഖാമൂലം വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
5. പഞ്ചായത്തുകളിൽ നിന്ന് വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് മുൻഗണനക്രമത്തിൽ തന്നെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെടേണ്ടതും ആയതിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് തല ഗുണഭോക്തൃലിസ്റ്റ് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതുമാണ്.

## 3-4 ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പ്രധാൻമന്ത്രി ആവാസ് യോജന ( ഗ്രാമീൺ ) പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ( 2016-17, 2017-18 ) വീട് നിർമ്മാണത്തിന് തുക നൽകിയവരിൽ ചില ഗുണഭോക്താക്കൾക്ക് തുക മുഴുവനായും നൽകിയിട്ടില്ല. അത്തരത്തിലുള്ള ഗുണഭോക്താക്കൾ ഇതുവരെ പണി പൂർത്തിയാക്കാത്തതിനാലോ ഭവന നിർമ്മാണം ആരംഭിക്കാത്തതിനാലോ ആകാം തുക നൽകാത്തത്. പ്രസ്തുത ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികളും തുക നൽകിയിട്ടും വീട് നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ പ്രസ്തുത ഗുണഭേക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്. അത്തരത്തിലുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | നൽകിയ തുക | ഇനിയും നൽകാനുള്ള തുക |
|---|---|---|---|---|
| 1 | റോസിലി പുഷ്പരാജ് | വേങ്ങൂർ | 3,43,725 | 6,275 |
| 2 | ശാന്ത ശിവദാസൻ | വേങ്ങൂർ | 3,43,725 | 6,275 |
| 3 | പഞ്ചമി വേലായുധൻ | വേങ്ങൂർ | 3,43,725 | 6,275 |
| 4 | പ്രിയ സുബി | വേങ്ങൂർ | 48,000 | 1,52,000 |
| 5 | സ്വാതിമോൾ .വി.ബി | അശമന്നൂർ | 1,94,000 | 2,06,000 |
| 6 | കമല്യ കുമാരൻ | അശമന്നൂർ | 1,65,000 | 2,35,000 |
| 7 | ജഗദ പ്രകാശൻ | ഒക്കൽ | 3,30,000 | 70,000 |
| 8 | തങ്കമണി കേശവൻ | രായമംഗലം | 3,76,000 | 24,000 |
| 9 | അന്നമ്മ പി.വി | വേങ്ങൂർ | 3,30,000 | 70,000 |

## 3-5 സംയുക്ത പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ

കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമ പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു. പ്രോജക്ടുകൾ പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -3, തീയതി 05.09.2019) ബ്ലോക്ക് പഞ്ചായത്ത് ഹാജരാക്കിയ വിവരങ്ങൾ താഴെപറയും പ്രകാരമാണ്.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നൽകിയതുക, ബിൽ നം. തീയതി. | തുക ലഭിച്ച ഗ്രാമ പഞ്ചായത്ത് | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | S0078/19 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 1,00,000/- 47/2018-19 19.08.2018 | കൂവപ്പടി | നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിച്ചില്ല. |
| 2 | S0080/19 | മുടക്കുഴ അംഗൻവാടി മെയ് ന്റ്നൻസ് | 1,00,000/- 59/2018-19 29.09.2018 | മുടക്കുഴ | 1,00,000/- രൂപയിൽ 99584 രൂപ ചെലവാക്കി പദ്ധതിപൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി തുക ഗ്രാമപഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. |
| 3 | S0082/19 | മേയ്ക്കപ്പാല എൽ.പി സ്കൂളിന്കെട്ടിടനിർമ്മാണം | 1,00,000/- 62/2018-19 26.10.2018 | വേങ്ങൂർ | ഈ പ്രവൃത്തി 2018-19 ലും സ്പിൽ ഓവറായി 2019-20 ലും നടപ്പിലാക്കിയിട്ടില്ലാത്തതാണെന്ന് |

| | | | | | |
|---|---|---|---|---|---|
| | | | | | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. തുക ഗ്രാമ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. |
| 4 | S0120/19 | വനിതാവികസനകേന്ദ്രം ജെന്റർ ജാഗ്രതാസമിതി കെട്ടിട നിർമ്മാണം. | 6,35,000/- 26/2018-19 29.06.18 | ഒക്കൽ | 6,35,000/- രൂപയിൽ 399279 രൂപ ചെലവാക്കി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി തുക ഗ്രാമ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. |
| 5 | S0123/19 | കണ്ണംമ്പറമ്പ് – കൊള്ളിമറ്റം കുടിവെള്ള പദ്ധതി | 378730/- 24/1208-19 26.06.18 | വേങ്ങൂർ | നിർവ്വഹണം പൂർത്തിയായിട്ടില്ല. സ്പിൽ ഓവറായി തുടരുന്നു. |

പ്രോജക്ടുകൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നല്കിയ തുകകളിൽ പദ്ധതിയുടെ പൂർത്തീകരണത്തിന് ശേഷം ഗ്രാമപഞ്ചായത്തിന്റെ കൈവശം നിൽക്കുന്ന തുകകൾ തിരികെ ലഭിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതും, ഇതു സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-6 കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് 2018-19 വർഷം കമ്പ്യൂട്ടർ വാങ്ങലിനായി താഴെപ്പറയുന്ന 2 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പരും പേരും | വാങ്ങിയ കമ്പ്യൂട്ടറുകളുടെ ഇനം, എണ്ണം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവു തുക, ട്രഷറി ബിൽ നമ്പരും തീയതിയും |
|---|---|---|---|
| എസ് – 142 / 2019, അസി. എഞ്ചിനീയറുടെ ഓഫീസിൽ കമ്പ്യൂട്ടർ വാങ്ങൽ. | ഡെസ്ക് ടോപ്പ്, 1 എണ്ണം | അസി. എഞ്ചിനീയർ | 34200 രൂപ, 40/18-19, തീയതി.22.03.19 |
| എസ് – 134 / 2019, പട്ടികജാതി വികസന ഓഫീസിൽ കമ്പ്യൂട്ടർ വാങ്ങൽ. | ഡെസ്ക് ടോപ്പ്, 1 എണ്ണം | പട്ടികജാതി വികസന ഓഫീസർ | 31500 രൂപ, സി.ബി.04/18-19, തീയതി.15.01.19 |

മേൽപ്പറഞ്ഞിരിക്കുന്ന കമ്പ്യൂട്ടർ വാങ്ങലുകൾ നടത്തിയിരിക്കുന്നത് ടെണ്ടർ നടപടി മുഖേനയാണ്. സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഒരു ഓൺലൈൻ സർക്കാർ പോർട്ടൽ (www.cprcs.kerala.gov.in), സംസ്ഥാന വിവര സാങ്കേതിക വകുപ്പിന്റെ 18.11.2017 ലെ സർക്കാർ ഉത്തരവ് (എം.എസ്) 24/2017 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ ഐ.റ്റി. ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന് വിവര സാങ്കേതിക വകുപ്പിന്റെ 18.03.2019 ലെ ഐ.റ്റി. സെൽ -1/26/2019 നമ്പർ സർക്കുലർ പ്രകാരം സർക്കാർ കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

സർക്കാരിന്റെ വെബ് പോർട്ടലായ www.cprcs.kerala.gov.in ൽ ലഭ്യമായ കമ്പ്യൂട്ടറുകൾ, ലാപ്പ് ടോപ്പുകൾ, അനുബന്ധ ഉപകരണങ്ങൾ, ഫോട്ടോകോപ്പിയർ മുതലായവ വാങ്ങുന്നതിന് സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനമല്ലാതെ വ്യത്യസ്ത ടെണ്ടറുകളോ, സ്വകാര്യ ഏജൻസികൾ മുഖാന്തിരമുള്ള നേരിട്ടുള്ള പർച്ചേസോ അനുവദിക്കുന്നതല്ല എന്നും പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാങ്ങലുകൾ സർക്കാർ നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ തന്നെ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| അശമന്നൂർ ഗ്രാമ പഞ്ചായത്ത് | 121733 | തലപുഞ്ച വനിത ഫെസിലിറ്റേഷൻ സെന്റർ പൂർത്തീകരണം | 121733 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | തലക്കാട് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | | 2515000 | 0 | 2515000 |
| കേരള വാട്ടർ അതോറിട്ടി | കല്ലുമല സെറ്റിൽമെന്റ് കോളനി കുടിവെള്ള പദ്ധതി | | 626000 | | 626000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2018-19 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ലോൺ | സ.ഉ.സാധാ.90/13/ ത.സ്വഭ.വ /14.3.13 | 1,04,25,000 | 52989877 | 1042500 | 0 | 9179829 |

വായ്പ തിരിച്ചടച്ചത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താതിരുന്നതിനാൽ തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(a) പേജ് 41 | 1,47,000 | കല്ലിൽ ഗവ. എൽ. പി.സ്കൂൾ കെട്ടിട നിർമ്മാണം - വേലയുടെ മൂല്യത്തേക്കാൾ കൂടുതൽ തുക നല്കി | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(b) പേജ് 41 | 29,000 | കുവപ്പടിമേലേത്തിനാൽ പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - പമ്പ് സെറ്റ് വാങ്ങിയതിലെ ക്രമക്കേടുകൾ | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 2000-01 | അദ്ധ്യായം-IV 7(43)(c) പേജ് 41 | 50,000 | ഇരിങ്ങോൾ - ഇരവിച്ചിറ കമ്മ്യൂണിറ്റി സെന്റർ നിർമ്മാണം | തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് ₹ | 82941831 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് ₹ | 80600655 |
| വരവിനങ്ങളിലുള്ള നഷ്ടം ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ₹ | 1971776 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 1971776 രൂപ | ശ്രീ തോമസ് കെ.എ., ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ തോമസ് കെ.എ. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, | ബ്ലോക്ക് പഞ്ചായത്ത് ഓഫീസർ, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്, എസ്.എൻ. പുരം പി.ഓ. ആലപ്പുഴ പിൻ – 688582 | കൊല്ലംപറമ്പിൽ ഹൌസ്, കലവൂർ, മാരാരിക്കുളം, ആലപ്പുഴ-688522 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ.(സി1).2137/2011/21.11.2011 |
| 1998-99 | |
| 1999- 2000 | |
| 2000-01 | |
| 2000-01 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | കെ.എസ്.എ.ഇ.കെ.എം. (ബി.പി.)1439/ 2019/ 05.08.2019 |
| 2007-08 | |
| 2008-09 | |
| 2013-14 & 2014-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | |

.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കുവപ്പടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 21.03.2015 ലെ ജി.ഒ.(പി) നം.119/2015/ഫിൻ പ്രകാരം BPF A-I അക്കൗണ്ട് നിർത്തലാക്കിയതാണ്. എന്നാൽ ടി അക്കൗണ്ടിൽ 14,000/- രൂപ നീക്കിയിരിപ്പുള്ളതായാണ് RP 40(b)യിൽ രേഖപ്പെടുത്തിയിരുന്നത്.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of KOOVAPPADY BLOCK PANCHAYAT in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the Rules their under and the guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions.

In my opinion, the Financial Statement of KOOVAPPADY BLOCK PANCHAYAT for the year 2018-19 subject to the observations in the annexure, properly presents the picture of income, expenditure and closing balance.

JOINT DIRECTOR
KERALA STATE AUDIT DEPARTMENT
ERNAKULAM DISTRICT

## Defects Identified on Verification of Annual Financial Statement for the year 2018-19

1) Rs.14,000/- is seen in R.P.40(b) of the Annual Financial Statement in BPFA-I Account which was

done away with vide G.O.(P) No.119/2015/Fin. Dt.21.03.15.

2). Details of assets both landed and movable are not included and updated in the Asset Register and Balance Sheet.

JOINT DIRECTOR

KERALA STATE AUDIT DEPARTMENT
ERNAKULAM DISTRICT

/SJ/